# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3950 15.12.2014 ൽ മറുപടിക്ക്

## റോഡ് സേഫ്റ്റി ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>,, പി.സി. ജോർജ് :<br>,, എം.വി.ശ്രേയാംസ് കുമാർ :<br>ഡോ.എൻ. ജയരാജ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നിലവിൽ ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; | (എ) | 1. റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി നടത്തുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ പരിശീലനങ്ങൾ, പുസ്തകങ്ങൾ, ലീഫ്ലെറ്റുകൾ മറ്റു സാമഗ്രികൾ എന്നിവയുടെ അച്ചടിയും, വിതരണവും, പരസ്യപ്രചാരണങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>2. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹകരണത്തോടെ മണ്ണൂത്തി മുതൽ കാസർഗോഡ് വരെ ക്യാമറ നിരീക്ഷണ സംവിധാനം സ്ഥാപിച്ചു വരുന്നു.<br>3. റോഡ് സുരക്ഷാ ഉപകരണങ്ങളായ ബാറ്റൺ, ജാക്കറ്റ്, കോൺ, ആൽക്കോമീറ്റർ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം റോഡ് സേഫ്റ്റി അതോറിറ്റിയുടെ അനുമതിയോടെ നടപ്പാക്കിയവയാണ്. |

| | | | |
|---|---|---|---|
| | | | 4. റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് പോലീസ് വകുപ്പിന് സ്റ്റുഡൻസ് പോലീസ് പരിപാടിക്കും റോഡു സുരക്ഷാ ബോധവൽക്കരണത്തിനും, റോഡുകളിൽ അപകട നിവാരണത്തിന് റിഫ്ളക്ടർ, സൈൻ ബോർഡുകൾ, റോഡ് സൈഡിന് ബാരിക്കേടുകൾ, ബസ് ബേ എന്നിവ നിർമ്മിക്കുന്നതിനുള്ള തുകകൾ അനുവദിക്കാറുണ്ട്. |
| (ബി) | പ്രസ്തുത ഇനത്തിൽ പ്രതിവർഷം ശരാശരി ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ നല്കുമോ; | (ബി) | റോഡ് സേഫ്റ്റി ഫണ്ടിന്റെ ചെലവിനെ സംബന്ധിച്ചുള്ള നാളിതുവരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ചു കൊണ്ടുള്ള പ്രവൃത്തികളുടെ മോണിറ്ററിംഗ് എപ്രകാരമാണ് നിർവ്വഹിക്കുന്നത്; വ്യക്തമാക്കുമോ; | (സി) യും (ഡി) യും | വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന റോഡു സുരക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പരിശോധിച്ച് ഉചിതമായവ അംഗീകരിച്ച് അവ നടപ്പാക്കാനുള്ള ഫണ്ട് നൽകുകയാണ് അതോറിറ്റി ചെയ്യുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് അതാത് വകുപ്പുകളും ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുമാണ്. അതോറിറ്റി നൽകിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിനായി ഇന്റേണൽ ഓഡിറ്ററെ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം പര്യാപ്തമാണ്. |
| (ഡി) | റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ചു കൊണ്ടുള്ള പ്രവൃത്തികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് ജനപ്രതിനിധികളുടെ സഹകരണം ഉറപ്പുവരുത്തുന്ന വിധത്തിൽ മോണിറ്ററിംഗ് സംവിധാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

EXPENDITURE OF KRSA

| | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 (as on 10.12.14) | TOTAL |
|---|---|---|---|---|---|---|---|---|
| SALARY &WAGES | 310385 | 796408 | 732811 | 966785 | 1332849 | 2211007 | 937630 | 7287875 |
| ELEC & TELEPHON | 0 | 213175 | 205676 | 125761 | 124941 | 134724 | 96843 | 901120 |
| OFFICE EXP | 11445 | 35041 | 151892 | 1171368 | 42678 | 974296 | 531270 | 2917990 |
| INCOM TAX | 0 | 0 | 0 | 121501 | 1976333 | 417854 | 1569193 | 4084881 |
| POLICE | 0 | 36000000 | 1215000 | 31662800 | 20216000 | 81300000 | 100000 | 170493800 |
| MOTOR VEHICLES | 3300000 | 36000000 | 1087745 | 156834533 | 41691500 | 92149172 | 39800000 | 370862950 |
| PWD | 0 | 83700000 | 45000000 | 30000000 | 1500000 | 0 | | 160200000 |
| HEALTH | 0 | 50000000 | 5000000 | 0 | 0 | 0 | | 55000000 |
| EDUCATION | 0 | 0 | 0 | 0 | 0 | 1300000 | | 1300000 |
| DRSCs | 0 | 3900000 | 6395000 | 18051000 | 1052000 | 5981168 | 1712065 | 37091233 |
| KELTRON | 0 | [illegible] | 0 | 25878275 | 66828000 | 42953387 | 23650901 | 159310563 |
| NATPAC | 0 | 760000 | 1400000 | 5782000 | 4500800 | 23587052 | | 36029852 |
| MEDIA | 0 | 46062 | 2853569 | 5370684 | 3804846 | 19565108 | 43109 | 31683378 |
| OTHERS | 0 | 74800 | 23000 | 2728862 | 511160 | 5103000 | 21126000 | 29566822 |
| TOTAL | 3621830 | 211525436 | 64064693 | 278693569 | 143581107 | 275676768 | 89567011 | 1066730464 |
| | | | | | | | | |

സെക്ഷൻ ഓഫീസർ

സംവിധാനം സ്ഥാപിച്ചു